പുനലൂർ പ്ലൈവുഡിലെ തൊഴിലാളികൾക്ക് വി. ആർ. എസ്. ആനുകൂല്യങ്ങൾ

121 [476] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പ്ലൈവുഡിലെ തൊഴിലാളികൾക്ക് വി. ആർ. എസ്.-ഉം മറ്റ് ആനുകൂല്യങ്ങളും നൽകുന്നതു സംബന്ധിച്ച് മന്ത്രിതല ചർച്ച അവസാനമായി നടന്നത് എന്നാണ്; ഇതിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) വി. ആർ. എസ്. നടപ്പിലാക്കിയതിന് ശേഷം ഇനി എത്ര തൊഴിലാളികൾക്ക് ശമ്പളക്കുടിശ്ശിക, പി. എഫ്., ഗ്രാറ്റുവിറ്റി എന്നിവ നൽകുവാനുണ്ട്; ഇതിൽ ഓരോ തൊഴിലാളിക്കും എത്ര തുക വീതം ഓരോ ഇനത്തിലും നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-3-2005-ലാണ് ഇതു സംബന്ധിച്ച് അവസാനമായി മന്ത്രിതല ചർച്ച നടന്നത്. ഇതിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. പുനലൂർ പ്ലൈവുഡിന് നിലവിൽ ബാങ്കുമായുള്ള ബാധ്യതകൾ സംബന്ധിച്ച് ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഒരു തെ തീർപ്പിലെത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ശമ്പള കുടിശ്ശിക തുടങ്ങിയ കാര്യങ്ങളിൻമേൽ തീരുമാനമെടുക്കുന്നതിനായി പ്രശ്നം മന്ത്രിസഭാ ഉപസമിതി മുൻപാകെ വയ്ക്കുവാൻ തീരുമാനിച്ചു.

3. നിലവിലുള്ള ബാധ്യതകൾ തീർപ്പാക്കിയതിനുശേഷം ഭൂമി 'കിൻഫ്ര'-യ്ക്കു കൈമാറുന്ന കാര്യം പരിശോധിക്കുവാൻ തീരുമാനിച്ചു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള കാലതാമസം

122 [477] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly